ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: ഇവിടത്തെ ഇഞ്ചിനിയറിംഗ് കാളേജിൽ അഡ്മിഷനുവേണ്ടി പിന്നോക്കസമുദായക്കാരിൽനിന്നും അപേക്ഷകരും ലഭിച്ചിട്ടുണ്ടോ?

ശ്രീ. എൽ. എം. പൈലി: ഉണ്ട്. അവർക്ക് ന്യായമായ പ്രാതിനിധ്യം അവിടെ ലഭിച്ചിട്ടുണ്ടെന്നാണ് കാണുന്നതു്.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: അവിടെ പിന്നോക്കസമുദായക്കാർക്ക് സീറ്റുകൾ റിസർവ്വ് ചെയ്യണമെന്നു് ഗവൺമെൻറ് വിചാരിക്കുന്നുണ്ടോ?

ശ്രീ. എൽ. എം. പൈലി: അതിനെപ്പറ്റി യൂണിവേഴ്സിറ്റിയാണ് ആലോചിക്കേണ്ടതു്.

VILLAGE ROADS

*196. [10] **Sri. M. Varki:** Will the hon. Minister for Public Works be pleased to state the village roads in Kunnathunad taluk selected to be improved and taken over by the department during this financial year and the progress regarding each?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. ജി. ചന്ദ്രശേഖരപിള്ള): ഉത്തരം തയ്യാറായിട്ടില്ല.

സർവ്വീസ് സംയോജനം

*ക്വസ്റ്റ്യൻ (ക) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഏതെല്ലാം ഡിപ്പാർട്ടുമെൻറിൽ പൂർണ്ണമായ സർവ്വീസ് സംയോജനം ഇതിനകം നടത്തപ്പെട്ടിട്ടുണ്ട്;

(ബി) ഇതിനെ സംബന്ധിച്ചു കേന്ദ്രത്തിൽനിന്നു എന്തു നിർദ്ദേശമാണ് ലഭിച്ചതു്?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ): (എ) സംയോജനം ഒരു ഡിപ്പാർട്ടുമെൻറിലും പൂർത്തിയായിട്ടില്ല.

(ബി) ഈ ഗവൺമെൻറ് സർവ്വീസ് സംയോജനം സംബന്ധിച്ചു് പുറപ്പെടുവിച്ച തത്വങ്ങൾക്കു് രണ്ടു ചില്ലറ നിർദ്ദേശങ്ങൾ സെൻട്രൽ ഗവൺമെൻറിൽ നിന്നും ലഭിച്ചിട്ടുണ്ടു്. ഗവൺമെൻറിൽ നിന്നും പുറപ്പെടുവിച്ചിട്ടുള്ള ഓർഡറിൻറെ പകർപ്പു് ബഹുമാനപ്പെട്ട മെമ്പർ ശ്രീ. താണുപിള്ള ആവശ്യപ്പെട്ടതനുസരിച്ചു് മേശപ്പുറത്തു് വെച്ചിട്ടുണ്ടു്.*

ശ്രീ. അലക്സാണ്ടർ വാകയിൽ: സർവ്വീസ് സംയോജനം സംബന്ധിച്ചുള്ള ജോലികൾ ആരാണ് ചെയ്യുന്നതു്?

ശ്രീ. സി. കേശവൻ: സെക്രട്ടറിയേറ്റു്.

ശ്രീ. അലക്സാണ്ടർ വാകയിൽ: ആ ജോലി ഇപ്പോൾ എത്രമാത്രം പുരോഗമിച്ചിട്ടുണ്ടു്?

ശ്രീ. സി. കേശവൻ: സർവ്വീസിലെ ഉയർന്ന സ്ഥാനങ്ങളിൽ ഇരിക്കുന്നവരെ, അതായതു് സെക്രട്ടറിയുടെ ഗ്രേഡിലും അതിനു മുകളിലുള്ള ഗ്രേഡിലും ഉള്ളവരെ സംബന്ധിച്ചിടത്തോളം സംയോജനം നടത്തി ഒരു ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടു്. ഗവൺമെൻറ് ഇപ്പോൾ ആ ലിസ്റ്റ് പരിശോധിച്ചുകൊണ്ടിരിക്കയാണു്.

*Please see Appendix I—Page 386

LIBRARY ARCHIVES Kerala Legislative Assembly